## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4085

20.03.2018 - ൽ
മറുപടിയ്ക്ക്

### നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) | നീര ഉൽപ്പാദനത്തിനായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് കെട്ടിട-യന്ത്ര സാമഗ്രികൾക്ക് ചിലവായ തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 200 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളികേര വികസന ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് നാളികേര പ്രൊഡ്യൂസർ കമ്പനിക്ക് 47.1125 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷ സമർപ്പിച്ച കമ്പനികളുടെ അപേക്ഷ നിയമാനുസൃതം പരിശോധിച്ച് വരികയാണ്. |
| ബി) നാളീകേര വികസന ബോർഡിന്റെ കീഴിൽ എത്ര നീര ഉല്പാദന കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയ്ക്ക് സർക്കാരും, ബോർഡും ധനസഹായങ്ങൾ നൽകിയിരുന്നോ; വ്യക്തമാക്കുമോ; | ബി) | നാളീകേര വികസന ബോർഡിന്റെ കീഴിൽ ആകെ 29 നാളികേര പ്രൊഡ്യൂസർ കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ആകെ 11 യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡ് ധനസഹായം നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുവരെ 5 യൂണിറ്റുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് നീര ഉല്പാദനം നടത്തിയിരുന്ന നിരവധി കമ്പനികൾ നഷ്ടം മൂലം പ്രവർത്തനം അവസാനിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഡി) എങ്കിൽ നീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും തദ്വാര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) & ഡി) | ഉണ്ട്. നാളികേര ഉത്പാദക സംഘങ്ങൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്കുള്ള ധനസഹായം നൽകുന്നതിനായി 2017-18 വർഷത്തിൽ 2 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17 ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നടത്തി വരുന്നു.<br>"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചിലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.<br>നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകി വരുന്നു. വെന്റിംഗ് മെഷീനുകൾ / വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനു പുറമെ നീര ഉത്പാദക കമ്പനികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ട ഇടപെടലുകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ